## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.എ.വൈ. - ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരും ബി.പി.എൽ. റേഷൻ കാർഡ് ഉള്ളവരുമായ കുടുംബങ്ങളെ ഐ.എ.വൈ. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ.)നം.2888/14/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 06.11.2014

==========================================================================

പരാമർശം: 01.10.2014 ന് ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പ് മന്ത്രിയ്ക്ക് കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ

### ഉത്തരവ്

ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരും ബി.പി.എൽ. റേഷൻ കാർഡ് കൈവശമുള്ളവരും അമ്പതിനായിരം രൂപവരെ വാർഷിക വരുമാനമുള്ളവരുമായ അർഹരായ നിരവധി പേർ ഐ.എ.വൈ. പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവരാണെന്നും ഐ.എ.വൈ. പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ അവരെയും ഉൾപ്പെടുത്തി ഉത്തരവുണ്ടാകണമെന്നും കേരള ഗ്രാമപഞ്ചായത്ത് അസ്സോസ്സിയേഷൻ പ്രസിഡന്റ് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവരെയും ബി.പി.എൽ. റേഷൻ കാർഡ് ലഭിച്ചിട്ടുള്ളവരെയും, 50,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ള എല്ലാവരേയും ഐ.എ.വൈ. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.രാജൻ ഖോബ്രാഗഡെ,
സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ശ്രീ.പി.റ്റി.മാത്യു, പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ, അഹമ്മദ് കുരിക്കൾ പഞ്ചായത്ത് ഭവൻ, ഒബ്സർവേറ്ററി ഹിൽസ്, തിരുവനന്തപുരം.
4. എല്ലാ ജില്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ